# സുന്നത്തു നമസ്കാരം

നിർബന്ധ(فرض) നമസ്കാരത്തിനു പുറമെ ചില നമസ്കാരങ്ങൾ ഐച്ഛിക (سنة)മായുമുണ്ട്. നിർബന്ധമല്ലാത്ത നമസ്കാരം മുഖേന കൂടു തൽ ദൈവിക പ്രതിഫലം കരസ്ഥമാക്കുക, നിർബന്ധ നമസ്കാരത്തിൽ സംഭവിക്കുന്ന വൈകല്യങ്ങൾ പരിഹരിക്കുക, വിശ്വാസിക്ക് അല്ലാഹുവു മായി കൂടുതൽ അടുപ്പവും ബന്ധവും സാധിക്കുക മുതലായവയാണ് അതുവഴി നേടാനുള്ളത്. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

**إِنَّ أَوَّلَ مَا يُحَاسَبُ النَّاسُ بِهِ يَوْمَ الْقِيَامَةِ مِنْ أَعْمَالِهِمْ الصَّلاَةُ يَقُولُ رَبُّنَا لِمَلَئِكَتِهِ وَهُوَ أَعْلَمُ انْظُرُوا فِي صَلاَةِ عَبْدِي أَتَمَّهَا أَمْ نَقَصَهَا؟ فَإِنْ كَانَتْ تَامَّةً كُتِبَتْ لَهُ تَامَّةً وَإِنْ كَانَ انْتَقَصَ مِنْهَا شَيْئًا قَالَ: انْظُرُوا هَلْ لِعَبْدِي مِنْ تَطَوُّعٍ فَإِنْ كَانَ لَهُ تَطَوُّعٌ قَالَ: أَتِمُّوا لِعَبْدِي فَرِيضَتَهُ مِنْ تَطَوُّعِهِ ثُمَّ تُؤْخَذُ الأَعْمَالُ عَلَى ذَلِكَ (أبوداود)**

(അന്ത്യനാളിൽ മനുഷ്യരെ വിചാരണ ചെയ്യുന്ന കാര്യങ്ങളിൽ ആദ്യ ത്തേത് നമസ്കാരമാണ്. നമ്മുടെ നാഥൻ – അവന്ന് നല്ലപോലെ അറിയാ വുന്നതോടൊപ്പം – മലക്കുകളോട് പറയും: എന്റെ അടിമയുടെ നമസ്കാരം അവൻ പൂർണമായി നിർവഹിച്ചിട്ടുണ്ടോ, അതോ കുറവു വരുത്തിയിട്ടു ണ്ടോ എന്നു പരിശോധിക്കുക. അതു പൂർണമെങ്കിൽ അവനു പൂർണകർമ മായി രേഖപ്പെടുത്തും. അതിൽ വല്ല കുറവും വന്നിട്ടുണ്ടെങ്കിൽ അല്ലാഹു പറയും: എന്റെ അടിമക്ക് വല്ല ഐച്ഛിക (നമസ്കാര)വും ഉണ്ടോ എന്ന് പരിശോധിക്കുക. അവന്ന് ഐച്ഛിക(നമസ്കാര)മുണ്ടെങ്കിൽ അല്ലാഹു പറയും: അവന്റെ ഐച്ഛികനമസ്കാരം എടുത്ത് അവന്റെ ഫർദിലെ കുറവ് നികത്തുക. പിന്നെ മറ്റു കർമങ്ങളും അതനുസരിച്ച് പരിഗണിക്കും.)

## വീട്ടിൽ

സുന്നത്തു നമസ്കാരം വീട്ടിൽ വെച്ചാവുന്നതാണ് ഉത്തമം. നബി (സ) പറഞ്ഞതായി ജാബിർ (റ) ഉദ്ധരിക്കുന്നു.

**إِذَا صَلَّى أَحَدُكُمْ الصَّلاَةَ فِي مَسْجِدِهِ فَلْيَجْعَلْ لِبَيْتِهِ نَصِيبًا مِنْ صَلاَتِهِ فَإِنَّ اللّٰهَ عَزَّوَجَلَّ جَاعِلٌ فِي بَيْتِهِ مِنْ صَلاَتِهِ خَيْرًا (أحمد، مسلم)**

(നിങ്ങളിലാരെങ്കിലും പള്ളിയിൽ വെച്ച് നമസ്കരിക്കുന്നുവെങ്കിൽ വീട്ടിനും നമസ്കാരത്തിൽ ഒരു വിഹിതം അവൻ നിശ്ചയിക്കട്ടെ. കാരണം അല്ലാഹു നമസ്കാരം വഴി അവന്റെ വീട്ടിൽ നന്മ വരുത്തും). ഫർദു നമസ് കാരങ്ങൾക്കു മുമ്പും ശേഷവുമുള്ള റവാതിബു സുന്നത്തുകൾ നബി (സ) വീട്ടിലായിരുന്നു നമസ്കരിച്ചിരുന്നതെന്ന് ഹദീഥുകളിൽനിന്ന് ഗ്രഹിക്കാം.

## നീട്ടി നമസ്കരിക്കുന്നത് ഉത്തമം

സുന്നത്ത് നമസ്കാരം ഖുർആൻ പാരായണവും ദിക്റുകളും ദീർഘിപ്പി ച്ചു നമസ്കരിക്കുന്നതാണ് ഉത്തമം. ഏറ്റം ശ്രേഷ്ഠകർമം ഏത് എന്ന ചോദ്യ ത്തിന് **طول القيام** (നിറുത്തം ദീർഘിപ്പിച്ച നമസ്കാരം) എന്നാണ് നബി (സ) ഒരിക്കൽ മറുപടി നൽകിയത്.

കേവലം (مطلق), അനുബന്ധം (مقيد) ഇങ്ങനെ സുന്നത്ത് നമസ്കാരം രണ്ടുവിധമുണ്ട്. ഫർദു നമസ്കാരത്തോടു ചേർന്നതല്ലാത്ത ഗ്രഹണ നമസ് കാരം, മഴ തേടുന്ന നമസ്കാരം തുടങ്ങിയവയാണ് കേവല നമസ്കാര ങ്ങൾ. ഫർദ് നമസ്കാരങ്ങളോടു ചേർന്നുവരുന്നതാണ് അനുബന്ധ സുന്നത്തുകൾ. **السنن الراتبة** എന്നും **الرواتب** എന്നും അതിന് പേരുണ്ട്.

## ക റവാതിബു സുന്നത്ത്:

പ്രബലമായ റവാതിബു സുന്നത്ത് പത്ത് റക്അത്താണ്. ഇബ്നു ഉമറി (റ)ൽ നിന്ന് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീഥാണ് തെളിവ്.

**حَفِظْتُ مِنَ النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ عَشرَ رَكَعَاتٍ : رَكْعَتَيْنِ قَبْلَ الظُّهْرِ وَرَكْعَتَيْنِ بَعْدَهَا وَرَكْعَتَيْنِ بَعْدَ الْمَغْرِبِ فِي بَيْتِهِ وَرَكْعَتَيْنِ بَعْدَ الْعِشاءِ فِي بَيْتِهِ وَرَكْعَتَيْنِ قَبْلَ صَلاَةِ الصُّبْحِ. (البخاري)**

(നബി(സ)യിൽനിന്ന് ഞാൻ പത്തു റക്അത്ത് നമസ്കാരം ഗ്രഹിച്ചു: ളുഹ്റിനുമുമ്പ് രണ്ട്, ശേഷം രണ്ട്, മഗ്രിബിനുശേഷം വീട്ടിൽവെച്ച് രണ്ട്. ഇശാഇന്ന് ശേഷം വീട്ടിൽവെച്ച് രണ്ട്. സുബ്ഹ് നമസ്കാരത്തിനുമുമ്പ് രണ്ട്.)

അവയുടെ കൂടുതൽ വിവരണം താഴെ.

## 1. സുബ്ഹിനു മുമ്പ്:

ആയിശ (റ) ഉദ്ധരി ക്കുന്നു.

هُمَا أَحَبُّ إِلَيَّ مِنَ الدُّنْيَا جَمِيعًا (أحمد، مسلم، الترمذي)

(മുഴുവൻ ദുൻയാവിലും ഏറെ എനിക്ക് ഇഷ്ടം ആ രണ്ട് റക്അത്താ ണ്.) സുബ്ഹിന്റെ സുന്നത്ത് നബി (സ) അധികം ദീർഘിപ്പിച്ചിരുന്നില്ല. ഈ സുന്നത്തിൽ ആദ്യത്തെ റക്അത്തിൽ ഫാതിഹയ്ക്കു പുറമെ الكافرون സൂറഃയും രണ്ടാമത്തേതിൽ الإخلاص സൂറഃയുമാണ് നബി (സ) ഓതിയിരു ന്നതെന്നതെന്ന് ആയിശ (റ) നിവേദനം ചെയ്ത ഹദീഥിലുണ്ട്.

യാത്രകളിൽ പോലും നബി ഈ നമസ്കാരം ഒഴിവാക്കിയിരുന്നില്ല. സമയം വൈകിയതിനാൽ സുബ്ഹിനു മുമ്പ് ഇത് നമസ്കരിക്കാൻ കഴി ഞ്ഞില്ലെങ്കിൽ സുബ്ഹ് നമസ്കാരത്തിനുശേഷം – സൂര്യൻ ഉദിച്ചുകഴി ഞ്ഞിട്ടായാലും – അതു നിർവഹിക്കാവുന്നതാണ്.

### 2. ളുഹ്റിനു മുമ്പും പിമ്പും:

ളുഹ്റിനു മുമ്പും പിമ്പും രണ്ടു റക്അത്ത് വീതം പ്രബലമായ സുന്ന ത്താണ്. ഇബ്നു ഉമർ (റ) പറയുന്നു.

كَانَتْ صَلاَةُ رَسُولِ اللّهِ ﷺ أَنْ لا يَدَعَ رَكعَتَيْنِ قَبْلَ الظُّهْرِ وَرَكَعَتَيْنِ بَعْدَهَا (أحمد)

(ളുഹ്റിനുമുമ്പ് രണ്ടും ശേഷം രണ്ടും റക്അത്ത് ഒരു കാരണവശാലും ഉപേക്ഷിക്കാതിരിക്കുക എന്നതായിരുന്നു നബി(സ)യുടെ നമസ്കാര രീതി.)

ളുഹ്റിനുമുമ്പ് നാലും ശേഷം രണ്ടും റക്അത്ത് നമസ്കരിച്ചതായും ഹദീഥിൽ വന്നിട്ടുണ്ട്.

### 3. മഗ്രിബിനും ഇശാഇനും ശേഷം:

മഗ്രിബിനും ഇശാഇനും ശേഷം രണ്ടു റക്അത്ത് വീതം പ്രബലമാണ്. മുകളിൽ ഉദ്ധരിച്ച ഇബ്നു ഉമറിന്റെ ഹദീസ് കാണുക. മഗ്രിബിനും ഇശാഇനും മുമ്പും രണ്ട് റക്അത്ത് വീതം സുന്നത്തുണ്ട്. അത് പ്രബലമല്ല. നബി (സ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ ഉദ്ധരിക്കുന്നു.

صَلُّوا قَبْلَ الْمَغْرِبِ صَلُّوا قَبْلَ الْمَغْرِبِ ! ثُمَّ قَالَ فِي الثَالِثَةِ : لِمَنْ شَاءَ. (البخاري)

(മഗ്രിബിനുമുമ്പ് നമസ്കരിക്കുക, മഗ്രിബിനുമുമ്പ് നമസ്കരിക്കുക. മൂന്നാമത്തെ തവണ നബി (സ) പറഞ്ഞു: ഇഷ്ടമുള്ളവർക്ക്.)

ഈ നമസ്കാരങ്ങളിൽ സുബ്ഹിനുമുമ്പ് രണ്ട്, ളുഹ്റിന് മുമ്പ് രണ്ടും ശേഷം രണ്ടും, മഗ്രിബിനു ശേഷം രണ്ട്, ഇശാഇനുശേഷം രണ്ട് ഇങ്ങനെ പത്ത് റക്അത്താണ് പ്രബലം. സുന്നത്ത് നാലു റക്അത്ത് നമസ്കരിക്കു മ്പോൾ ഈരണ്ടു റക്അത്ത് നമസ്കരിച്ച് സലാം ചൊല്ലുന്നതാണ് ഉത്തമം.

### 4. അസ്റിനു മുമ്പ്

അസ്ർ നമസ്കാരത്തിനുമുമ്പ് നാലു റക്അത്ത് സുന്നത്തുണ്ട്. നബി (സ) പറഞ്ഞതായി ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു.

رَحِمَ اللّٰهُ امْرَءًا صَلَّى قَبْلَ الْعَصْرِ أَرْبَعًا (أحمد، أبوداود، الترمذي)

(അസ്വറിനു മുമ്പ് നാലു റക്അത്ത് നമസ്കരിച്ചവനെ അല്ലാഹു അനു ഗ്രഹിക്കുമാറാകട്ടെ!) മുകളിലുദ്ധരിച്ച ഹദീഥിൽ ഈ നാലു റക്അത്തുകൾ പരാമർശിച്ചിട്ടില്ലാത്തതിനാൽ പ്രബലമായ റവാതിബു സുന്നത്തുകളിൽ അവ ഉൾപെടുന്നില്ല.

### കക. വിത്ർ നമസ്കാരം

ഒറ്റ എന്നാണ് 'വിത്ർ' എന്ന പദത്തിനർഥം. ഒറ്റ റക്അത്തിൽ അവസാ നിക്കുന്നു എന്നതാണ് ഈ നമസ്കാരത്തിന് അങ്ങനെ പേരു വരാൻ കാര ണം. ഇശാഅ് നമസ്കാരത്തിനുശേഷം സുബ്ഹ് വരെയാണ് വിത്റിന്റെ സമയം. രാത്രിയുടെ അവസാന യാമത്തിൽ ഉറക്കമുണർന്ന് അതു നിർവ ഹിക്കുന്നതാണ് കൂടുതൽ ഉത്തമം. രാത്രി കുറെ നേരം ഉറങ്ങിയശേഷം എഴുന്നേറ്റ് നമസ്കരിക്കുന്നതിന് തഹജ്ജുദ് ( تهجد ) എന്ന് പറയുന്നു. എന്നാൽ രാത്രി അവസാനം ഉണരുമെന്ന് തീർച്ചയില്ലാത്തവർ ഉറങ്ങും മുമ്പ് നമസ്കരിക്കലാണ് നല്ലത്. അലി (റ) പറയുന്നു.

إِنَّ الْوِتْرَ لَيْسَ بِحَتْمٍ كَصَلاَتِكُمُ الْمَكْتُوبَةَ وَلَكِنْ رَسُولُ اللّهِ ﷺ أَوْتَرَ ثُمَّ قَالَ : يَا أَهْلَ الْقُرْآنِ أَوْتِرُوا فَإِنَّ اللّهَ وِتْرٌ يُحِبُّ الْوِتْرَ (أحمد)

(ഫർദു നമസ്കാരം പോലെ നിർബന്ധമുള്ള ഒന്നല്ല വിത്ർ. എന്നാൽ നബി (സ) വിത്ർ നമസ്കരിച്ചിട്ടുണ്ട്. പിന്നെ നബി (സ) പറഞ്ഞു: ഖുർ ആനിന്റെ അനുയായികളേ, നിങ്ങൾ വിത്ർ നമസ്കരിക്കുക. കാരണം അല്ലാഹു ഒരുവനാണ്. അവൻ ഒറ്റ ഇഷ്ടപ്പെടുന്നു).

വിത്ർ നമസ്കാരം ഒന്നുമുതൽ പതിനൊന്നു റക്അത്തുവരെ ആകാം. രണ്ട് റക്അത്ത് വീതം നമസ്കരിച്ച് സലാം ചൊല്ലുക. ഒടുവിൽ ഒരു റക് അത്ത് നമസ്കരിക്കുക. ഇതാണ് വിത്റിന്റെ രീതി. ഇടയ്ക്ക് സലാം ചൊല്ലാ തെ ഒടുവിലത്തെ മൂന്നും അഞ്ചും റക്അത്തുകൾ നബി (സ) ചിലപ്പോഴെ ങ്കിലും ഒന്നിച്ചു നമസ്കരിച്ചതായും ഹദീഥുകളിലുണ്ട്.

വിത്ർ നമസ്കാരത്തിൽ നബി (സ) ദീർഘമായി ഖുർആൻ പാരായണം ചെയ്തിരുന്നതായി ഹദീഥുകളിൽ കാണാം. മൂന്ന് റക്അത്ത് വിത്ർ നമസ് കരിക്കുന്നവർ താഴെ ഹദീഥിൽ പറയുന്ന സൂറത്തുകൾ ഓതുന്നത് സുന്ന ത്താണ്. ആയിശ (റ) പറയുന്നു.

كَانَ رَسُولُ اللّهِ ﷺ يَقْرَأُ فِي الرَّكْعَةِ الأُولَى سَبِّحِ اسْمَ رَبِّكَ الأَعْلَى وَفِي الثَّانِيَةِ قُلْ يَا أَيُّهَا الْكَافِرُونَ وَفِي الثَّالِثَةِ قُلْ هُوَاللّٰهُ أَحَدٌ وَالْمُعَوِّذَتَيْنِ. (أحمد، أبوداود، الترمذي)

(നബി (സ) ആദ്യറക്അത്തിൽ سبح اسم ربك الأعلى എന്ന സൂറഃയും രണ്ടാമത്തേതിൽ قل يا أيها الكافرون എന്ന സൂറഃയും മൂന്നാമത്തേതിൽ

قل هو الله أحد، المعوّذتين സൂറകളുമാണ് ഓതിയിരുന്നത്.)

## വിത്റിലെ ഖുനൂത്

റമദാനിലെ അവസാന പകുതിയിൽ വിത്റിലെ അവസാന റക്അത്തി ലെ ഇഅ്തിദാലിൽ ഖുനൂത് സുന്നത്താണ്. അബൂദാവൂദ് ഉദ്ധരിക്കുന്നു:

إِنَّ عُـمَـرَ بْـنِ الْخَطَابِ جَمَعَ النَّاسَ عَلَى أُبَيِّ بْنِ كَعْبٍ وَكَانَ يُصَلِّي لَهُمْ عِشْرِينَ لَيْلَةً وَلا يَقْنُتُ إِلاَّ فِي النِّصْفِ الْبَاقِي مِنْ رَمَضَانَ. (أبو داود)

(ഉമർ (റ) ഉബയ്യുബ്നു കഅ്ബിന്റെ നേതൃത്വത്തിൽ ജനങ്ങളെ സംഘ ടിപ്പിച്ചു. അദ്ദേഹം ഇരുപതു ദിവസം അവർക്ക് നമസ്കാരത്തിന് നേതൃത്വം നൽകുമായിരുന്നു. റമദാനിന്റെ ശേഷിച്ച പാതിയിലേ അദ്ദേഹം ഖുനൂത്ത് നിർവഹിച്ചിരുന്നുള്ളൂ.)

വിത്ർ നമസ്കാരാനന്തരം سُبْـحَـانَ الْـمَـلِكِ الْـقُدُّوسِ എന്ന് മൂന്നുതവണ, മൂന്നാം തവണ ശബ്ദമുയർത്തി പറയുന്നത് സുന്നത്താണ്. പിന്നെ رَبُّ الْمَلٰئِكَةِ وَالرُّوحِ എന്നും, പിന്നീട് ഈ പ്രാർഥനയും സുന്നത്താണ്.

اللّٰهُـمَّ إِنِّي أَعُوذُ بِرِضَاكَ مِنْ سُخْطِكَ، وَأَعُوذُ بِمُعَافَاتِكَ مِنْ عُقُوبَتِكَ وَأَعُوذُبِكَ مِنْكَ لا أَحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ.

എന്നും പറയുന്നത് സുന്നത്താണ്.

പതിവായി വിത്ർ നമസ്കരിക്കുന്നവർ ഏതെങ്കിലും രാത്രി അതു നിർ വഹിക്കാൻ കഴിയാതെ പോയാൽ പകൽനേരത്ത് അതു നിർവഹിക്കുന്നതു നല്ലതാണ്. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) പറയുന്നു.

إِذَا أَصْبَحَ أَحَدُكُمْ وَلَمْ يُوتِرْ فَلْيُوتِرْ (البخارى, مسلم)

(നിങ്ങളിൽ ആർക്കെങ്കിലും വിത്ർ നമസ്കരിക്കാനാവാതെ നേരം പുലർന്ന് പോയാലും അയാൾ വിത്ർ നമസ്കരിക്കണം.)

## മറ്റു നമസ്കാരങ്ങളിലെ ഖുനൂത്

മുസ്ലിംകളെ പൊതുവിൽ ബാധിക്കുന്ന വല്ല വിപത്തും സംഭവിച്ചാൽ പ്രസ്തുത വിപത്ത് നീക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നത് ഉത്തമമാ കുന്നു. ബനുസുലൈം, റിഅ്ൽ, ദക്വാൻ, ഉസ്വയ്യ എന്നീ ഗോത്രങ്ങൾ ഇസ് ലാമിന്നും മുസ്ലിംകൾക്കും ദ്രോഹകരമായ നിലപാട് കൈക്കൊണ്ടപ്പോൾ ഒരുമാസക്കാലം നബി (സ) എല്ലാ നമസ്കാരങ്ങളിലും അവർക്കെതിരിൽ പ്രാർഥിച്ചിരുന്നു. ഇതിന് قنوت النازلة എന്നാണ് പേർ.

### കകക. രാത്രി നമസ്കാരം ( قيام الليل)

രാത്രി ദീർഘനേരം നിന്ന് ഖുർആൻ പാരായണം ചെയ്തു നമസ്കരി ക്കുന്നതാണ് ഖിയാമുല്ലൈൽ. രാത്രിയുടെ ആദ്യത്തിലോ മധ്യത്തിലോ അന്ത്യത്തിലോ സൗകര്യംപോലെ അത് നിർവഹിക്കാം. രാത്രിയുടെ അന്ത്യ യാമത്തിൽ നിർവഹിക്കുന്നതാണ് ഏറ്റവും നല്ലത്. ഈരണ്ടു റക്അത്താ യാണ് അത് നിർവഹിക്കേണ്ടത്. അവസാനം ഒരു റക്അത്ത് നമസ്കരിച്ച് ഒറ്റയാക്കണം. അതിനാൽ ഖിയാമുല്ലൈലും വിത്റും ഒരേ നമസ്കാരം തന്നെയാണ്.

### കഢ. തറാവീഹ് ( صلاة التراويح)

റമദാനിലെ രാത്രികളിലെ ഖിയാമുല്ലൈൽ നമസ്കാരത്തിന് തറാവീഹ് എന്നു പറയുന്നു. റമദാനിൽ സംഘടിതമായി അത് നിർവഹിക്കലാണ് ഉത്തമം. മറ്റു കാലങ്ങളിൽ ഖിയാമുല്ലൈൽ ഒറ്റക്കാണല്ലോ നിർവഹിക്കുക. ദീർഘനേരം ഖുർആൻ പാരായണം ചെയ്താണ് അത് നിർവഹിക്കേണ്ടത്. ഈരണ്ടു റക്അത്തായി വേണം നമസ്കരിക്കുന്നത്. അവസാനം മൂന്ന് റക് അത്ത് വിത്റും. തറാവീഹിന്റെ പ്രാധാന്യം നബി (സ) വ്യക്തമാക്കിയിട്ടു ണ്ട്. അബൂഹുറൈറ (റ) പറയുന്നു.

كَـانَ رَسـُولُ اللّٰهِ ﷺ يُرَغِّبُ فِى قِيَامِ رَمَضَانَ مِنْ غَيْرِأَنْ يَأْمُرَ فِيهِ بِعَزِيمَةٍ فَيَقُولُ : مَنْ قَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَلَهُ مَا تَقَدَّمَ مِنْ ذَنْبِهِ (رواه الجماعة)

(റസൂൽ (സ) റമദാൻ മാസത്തിലെ നമസ്കാരത്തിന് കർക്കശമായി കല്പിക്കാതെ പ്രോത്സാഹിപ്പിക്കുമായിരുന്നു. നബി (സ) പറഞ്ഞു: റമദാ നിൽ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി നമസ്കരിക്കുന്നവന് അവന്റെ കഴിഞ്ഞകാല പാപം പൊറുത്തു കിട്ടുന്നതാണ്).

### ഢ. ദുഹാ നമസ്കാരം (صلاة الضحى)

സുന്നത്ത് നമസ്കാരങ്ങളിലൊന്നാണ് ദുഹാ. സൂര്യൻ ഉദിച്ച് അല്പം ഉയർന്നതു മുതൽ നട്ടുച്ചവരെയാണ് അതിന്റെ സമയം. അതു ചുരുങ്ങി യത് രണ്ട് റക്അത്തും കൂടിയത് എട്ടു റക്അത്തുമാണ്. ഈരണ്ടു റക്അ ത്തായാണ് നമസ്കരിക്കേണ്ടത്. അതു സുന്നത്താണെന്നതിന് താഴെ ഹദീഥ് തെളിവാണ്. അബുസഈദ് (റ) പറയുന്നു.

كَانَ النَّبِيُّ ﷺ يُصَلِّي الضُّحَى حَتَى نَقُولَ لاَ يَدَعُهَا وَيَدَعُهَا حَتَى نَقُولَ لاَ يُصَلِّيهَا (الترمذي)

(നബി(സ) ചിലകാലങ്ങളിൽ ദുഹാനമസ്കാരം നിർവഹിക്കും. അദ്ദേഹം അത് ഉപേക്ഷിക്കുകയില്ലെന്ന് ഞങ്ങൾ പറയും. നബി (സ) ഇനി അതു നിർവഹിക്കുകയില്ലെന്ന് പറയുവോളം ചിലകാലങ്ങളിൽ അദ്ദേഹം അത് ഉപേക്ഷിക്കുകയും ചെയ്യും.)

നബി (സ) ദുഹാ നമസ്കാരം എട്ടു റക്അത്ത് നമസ്കരിച്ചതായി ഹദീഥുണ്ട്. ചുരുങ്ങിയത് രണ്ടു റക്അത്തുമാകാം.

ഉമ്മുഹാനിഅ് (റ) പറയുന്നു:

(നബി (സ) ദുഹാനമസ്കാരം എട്ടു റക്അത്ത് നമസ്കരിച്ചു. എല്ലാ ഈരണ്ടു റക്അത്തിലും നബി (സ) സലാം ചൊല്ലുമായിരുന്നു.)

## ഢക. ഇസ്തിഖാറത് നമസ്കാരം (صلاة الاستخارة)

വിവാഹം, കച്ചവട ഇടപാടുകൾ തുടങ്ങി അനുവദനീയകാര്യം വല്ലതും ചെയ്യാനുദ്ദേശിക്കുകയും അതു ചെയ്യുന്നതിൽ നന്മയുണ്ടോ എന്ന് സംശയം തോന്നുകയും ചെയ്താൽ നന്മയിലേക്ക് നയിക്കാൻ അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ട് നിർവഹിക്കുന്ന നമസ്കാരമാണ് صلاة الاستخارة. അത് ഒരു സ്വതന്ത്ര നമസ്കാരമാവണമെന്നില്ല. ഏത് സുന്നത്ത് നമസ്കാരം നമസ്കരിച്ചും നബി (സ) പഠിപ്പിച്ച പ്രാർഥന ഉരുവിടണമെന്നേയുള്ളൂ. ജാബിർ (റ) പറയുന്നു:

كَانَ رَسُولُ اللَّهِ ﷺ يُعَلِّمُنَا الاِسْتِخَارَةَ فِي الأُمُورِ كُلِّهَا كَمَا يُعَلِّمُنَا السُّورَةَ مِنَ الْقُرْآنِ يَقُولُ : إِذَا هَمَّ أَحَدُكُمْ بِالأَمْرِ فَلْيَرْكَعْ رَكْعَتَيْنِ مِنْ غَيْرِ الْفَرِيضَةِ ثُمَّ لِيَقُلْ : اللَّهُمَّ أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ. فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ وَتَعْلَمُ وَلاَ أَعْلَمُ وَأَنْتَ عَلاَّمُ الْغُيُوبِ. اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِى فِيهِ، وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْلِي الْخَيْرَ حَيْثُ كَانَ ثُمَّ أَرْضِنِي بِهِ (البخاري)

(ഏതൊരു കാര്യത്തിലും നന്മ തേടുന്ന രീതി ഖുർആനിലെ ഏതെങ്കിലും സൂറഃ പഠിപ്പിക്കുംവിധം നബി(സ) ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. നബി (സ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും വല്ല കാര്യവും ഉദ്ദേശിച്ചാൽ ഫർദ ല്ലാത്ത രണ്ട് റക്അത്ത് നമസ്കരിച്ച ശേഷം ഇപ്രകാരം പ്രാർഥിക്കണം.

اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ. .. ثُمَّ أَرْضِنِي بِهِ.

ഈ പ്രാർഥനയിലെ إن هـــذا الأمـــر എന്ന ഭാഗത്ത് താൻ ഉദ്ദേശിക്കുന്ന കാര്യം എന്താണോ അതുകൂടി പറയണം. ഈ പ്രാർഥനയെ തുടർന്നു ഉദ്ദിഷ്ടകാര്യത്തിൽ നന്നായി തോന്നുന്നതെന്തോ അതാണ് അയാൾ സ്വീക രിക്കേണ്ടത്. നേരത്തെ എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കുകയല്ല.

## ഢകക. ഗ്രഹണ നമസ്കാരം (صلاة الكسوف)

സൂര്യനെയോ ചന്ദ്രനെയോ ഗ്രഹണം ബാധിക്കുമ്പോൾ നിർവഹിക്കുന്ന നമസ്കാരമാണ് ഗ്രഹണ നമസ്കാരം. പുരുഷന്മാർക്കും സ്ത്രീകൾക്കും അത് പ്രബലമായ സുന്നത്താണ്. സംഘടിതമായാണ് ഗ്രഹണ നമസ്കാരം നിർവഹിക്കേണ്ടത്. നമസ്കരിക്കാൻ ഉദ്ദേശിച്ചാൽ الصلاة جامعة എന്ന് വിളം ബരം ചെയ്യണം. ഇതും രണ്ട് റക്അത്താണ്. ഓരോ റക്അത്തിലും ഈര ണ്ടു റുകൂഉം ഈരണ്ടു സുജൂദും നിർവഹിക്കണം. ആദ്യത്തെ റുകൂഇനു ശേഷം വീണ്ടും ഫാതിഹയും സൂറത്തും ഓതണം. നമസ്കാരാനന്തരം ഖുതുബയും. ഇതാണ് ഗ്രഹണനമസ്കാരത്തിന്റ രൂപം. ആയിശ (റ) പറയുന്നു:

خَسَفَتِ الشَّمْسُ فِي حَيَاةِ النَّبِيِّ ﷺ فَخَرَجَ رَسُولُ اللَّهِ ﷺ إِلَى الْمَسْجِدِ فَقَامَ فَكَبَّرَ وَصَفَّ النَّاسُ وَرَائَهُ فَاقْتَرَأَ قِرَائَةً طَوِيلَةً ثُمَّ كَبَّرَ فَرَكَعَ رُكُوعًا طَوِيلاً هُوَ أَدْنَى مِنَ الْقِرَائَةِ الأُولَى ثُمَّ رَفَعَ رَأْسَهُ فَقَالَ: سَمِعَ اللَّهُ لِمَنْ حَمِدَهُ رَبَّنَا وَلَكَ الْحَمْدُ ثُمَّ قَامَ فَاقْتَرَأَ قِرَائَةً طَوِيلَةً هِيَ أَدْنَى مِنَ الْقِرَائَةِ الأُولَى ثُمَّ كَبَّرَ فَرَكَعَ رُكُوعًا هُوَ أَدْنَى مِنَ الرُّكُوعِ الأَوَّلِ ثُمَّ قَالَ : سَمِعَ اللَّهُ لِمَنْ حَمِدَهُ رَبَّنَا وَلَكَ الْحَمْدُ ثُمَّ سَجَدَ، ثُمَّ فَعَلَ فِي الرَّكْعَةِ الأُخْرَى مِثْلَ ذَلِكَ حَتَى اسْتَكْمَلَ أَرْبَعَ رَكَعَاتٍ وَأَرْبَعَ سَجَدَاتٍ، وَانْجَلَتِ الشَّمْسُ قَبْلَ أَنْ يَنْصَرِفَ ثُمَّ قَامَ فَخَطَبَ النَّاسَ فَأَثْنَى عَلَى اللَّهِ بِمَا هُوَ أَهْلُهُ ثُمَّ قَالَ : إِنَّ الشَّمْسَ وَالْقَمَرَ آيَتَانِ مِنْ آيَاتِ اللَّهِ عَزَّوَجَلَّ لاَ يَنْخَسِفَانِ لِمَوْتِ أَحَدٍ وَلاَ لِحَيَاتِهِ فَإِذَا رَأَيْتُمُوهُمَا فَافْزَعُوا إِلَى الصَّلاَةِ. (البخاري، مسلم)

(നബി(സ)യുടെ ജീവിതകാലത്ത് ഒരിക്കൽ സൂര്യനെ ഗ്രഹണം ബാധി ച്ചു. അപ്പോൾ റസൂൽ (സ) പള്ളിയിലേക്ക് പോയി. അദ്ദേഹം നിന്ന് തക് ബീർ ചൊല്ലി. ജനങ്ങൾ അദ്ദേഹത്തിനു പിന്നിൽ അണിനിരന്നു. അദ്ദേഹം ദീർഘനേരം ഓതി. പിന്നെ ഏകദേശം ആദ്യത്തെ ഓത്തിനോളം ദീർഘിച്ച് റുകൂഅ് ചെയ്തു. പിന്നെ سمع الله لمن حمده ربنا ولك الحمد എന്ന് പറഞ്ഞു കൊണ്ട് തല ഉയർത്തി. പിന്നെയും ദീർഘനേരം ഓതി. അതും ഏകദേശം ആദ്യത്തെ ഓത്തിനോളം ഉണ്ടായിരുന്നു. പിന്നെ തക്ബീർ ചൊല്ലി റുകൂഅ് ചെയ്തു. അത് ഏകദേശം ആദ്യത്തെ റുകൂഇനോളം വരുമായിരുന്നു. പിന്നെ سمع الله لمن حمده ربنا ولك الحــمـد എന്ന് പറഞ്ഞ് തല ഉയർത്തി. പിന്നെ സുജൂദ് ചെയ്തു. പിന്നെ അടുത്ത റക്അത്തിലും ഇപ്രകാരം ചെയ്തു. അങ്ങനെ നാലു റുകൂഉം നാലു സുജൂദും പൂർത്തിയാക്കി. നബി (സ) നമസ്കാരത്തിൽ നിന്ന് വിരമിക്കുമ്പോൾ സൂര്യൻ ഗ്രഹണബാധ വിട്ട് പുറത്തു കടന്നിരുന്നു. പിന്നെ അദ്ദേഹം എഴുന്നേറ്റ് ജനങ്ങളോട് പ്രസം ഗിച്ചു. അല്ലാഹുവിനെ യഥാർഹം സ്തുതിച്ചു. പിന്നെ പറഞ്ഞു: സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ രണ്ട് ദൃഷ്ടാന്തങ്ങളാണ്. അതു രണ്ടിനെയും ഗ്രഹണം ബാധിക്കുന്നത് ആരുടെയെങ്കിലും ജനിമൃതികൾ കാരണമായല്ല. അതിനാൽ അവയെ ഗ്രഹണം ബാധിച്ചുകണ്ടാൽ നിങ്ങൾ നമസ്കാര ത്തിൽ ഏർപ്പെട്ടുകൊള്ളുക).

ഹസൻ ബസരി (റ) പറയുന്നു:

خَسَفَ الْقَمَرُ وَابْنُ عَبَّاسٍ أَمِيرُ عَلَى الْبَصْرَةِ فَخَرَجَ فَصَلَّى بِنَا رَكْعَتَيْنِ فِي كُلِّ رَكْعَةٍ رَكْعَتَيْنِ ثُمَّ رَكِبَ وَقَالَ : إِنَّمَا صَلَّيْتُ كَمَا رَأَيْتُ النَّبِيَّ ﷺ يُصَلِّي. (رواه الشافعي في المسند)

(ഇബ്നു അബ്ബാസ് (റ) ബസറയിൽ അമീറായിരിക്കേ ഒരിക്കൽ ചന്ദ്ര ഗ്രഹണമുണ്ടായി. അദ്ദേഹം ഞങ്ങൾക്ക് നേതൃത്വം

എന്നിട്ട് പറഞ്ഞു: നബി (സ) നമസ്കരിച്ച് കണ്ട രീതിയിലാണ് ഞാൻ നമസ്കരിച്ചത്.)

## ഢകകക. മഴയെ തേടുന്ന നമസ്കാരം (صلاة الاستسقاء)

സമയത്ത് മഴകിട്ടാതെ വരുമ്പോൾ നിർവഹിക്കുന്നതാണ് صـــلاة الاستـســقـــاء (മഴയെ തേടുന്ന നമസ്കാരം). നമസ്കാരം അനുവദിക്കപ്പെട്ട ഏതു സമയ ത്തും അത് ആവാം. രണ്ട് റക്അത്ത് നമസ്കരിക്കുകയും ശേഷം ഖുതുബ നിർവഹിക്കുകയും ചെയ്യുക എന്നതാണ് ഈ നമസ്കാരത്തിന്റെ രീതി. നബി (സ) ഖുത്വുബയ്ക്കു ശേഷം നമസ്കരിച്ചതായും റിപ്പോർട്ടുണ്ട്. നമസ്കാരത്തിൽ ആദ്യ റക്അത്തിൽ ഫാതിഹക്ക് ശേഷം سـورة الأعلى യും രണ്ടാമത്തെ റക്അത്തിൽ الغاشية യും ഓതണം. ജുമുഅ, പെരുന്നാൾ നമസ്കാരങ്ങൾ പോലെ ഉറക്കെയാണ് ഓതേണ്ടത്. ഖുതുബ കഴിഞ്ഞാൽ നമസ്കാരത്തിൽ പങ്കെടുത്ത എല്ലാവരും അവരുടെ മേൽതട്ടം, അടിഭാഗം മേലേയും വലതുഭാഗം ഇടതുമായി തിരിച്ചിട്ട് ഖിബ്ലയെ അഭിമുഖീകരിക്ക ണം. എന്നിട്ട് കൈ രണ്ടും പരമാവധി ഉയർത്തി വിനയപുരസ്സരം പ്രാർഥി ക്കണം.

നമസ്കരിക്കാൻ ഒരു ദിവസം നിശ്ചയിച്ച് ഇമാം ജനങ്ങളെ മുൻകൂട്ടി അറിയിക്കണം. ആയിശ (റ) പറയുന്നു:

**شَكَا النَّاسُ إِلَى رَسُولُ اللّهِ ﷺ قُحُوطُ الْمَطَرِ فَأَمَرَ بِمِنْبَرٍ فَوُضِعَ لَهُ بِالْمُصَلَّى وَوَعَدَ النَّاسَ يَوْمًا يَخْرُجُونَ فِيهِ فَخَرَجَ حِينَ بَدَا حَاجِبُ الشَّمْسِ فَقَعَدَ عَلَى الْمِنْبَرِ فَكَبَّرَ وَحَمِدَ اللّهَ ثُمَّ قَالَ: إِنَّكُمْ شَكَوْتُمْ جَدْبَ دِيَارِكُمْ وَقَدْ أَمَرَكُمُ اللّهُ أَنْ تَدْعُوهُ وَوَعَدَكُمْ أَنْ يَسْتَجِيبَ لَكُمْ ثُمَّ قَالَ: اَلْحَمْدُ لِلّهِ رَبِّ الْعَالَمِينَ الرَّحْمٰنِ الرَّحِيمِ مَالِكِ يَوْمِ الدِّينْ لاَ إِلَهَ إِلاَّ اللّهُ يَفْعَلُ مَا يُرِيدُ اللّهُمَّ لاَ إِلَهَ إِلاَّ أَنْتَ أَنْتَ الْغَنِيُّ وَنَحْنُ الْفُقَرَاءُ أَنْزِلْ عَلَيْنَا الْغَيْثَ وَاجْعَلْ مَا أَنْزَلْتَ عَلَيْنَا قُوَّةً وَبَلاَغًا إِلَى حِينَ. ثُمَّ رَفَعَ يَدَيْهِ فَلَمْ يَزَلْ يَدْعُو حَتى رُؤِيَ بَيَاضُ إِبْطَيْهِ ثُمَّ حَوَّلَ إِلَى النَّاسِ ظَهْرَهُ وَقَلَبَ رِدَائَهُ وَهُوَ رَافِعٌ يَدَيْهِ ثُمَّ أَقْبَلَ عَلَى النَّاسَ وَنَزَلَ فَصَلَّى رَكْعَتَيْنِ فَأَنْشَأَ اللّهُ تَعَالَى سَحَابَةً فَرَعَدَتْ وَبَرَقَتْ ثُمَّ أَمْطَرَتْ بِإِذْنِ اللّهِ تَعَالَى فَلَمْ يَأْتِ مَسْجِدَهُ حَتى سَالَتْ السُّيُولَ، فَلَمَّا رَأَى سُرْعَتَهُمْ اِلَي الْكِنِّ ضَحِكَ حَتى بَدَتْ نَوَاجِذُهُ فَقَالَ: أَشْهَدُ أَنَّ اللّهَ عَلَى كُلِّ شَيْءٍ قَدِيرٌ وَأَنِّي عَبْدُ اللّهِ وَرَسُولُهُ (حاكم، أبوداود)**

(ജനങ്ങൾ നബി(സ)യോട് മഴയുടെ ദൗർലഭ്യതയെപ്പറ്റി ആവലാതിപ്പെട്ടു. അദ്ദേഹം കല്പിച്ചതനുസരിച്ച് നമസ്കാരസ്ഥലത്ത് (മൈതാനിയിൽ) ഒരു മിമ്പർ സ്ഥാപിച്ചു. അവിടേക്കു പോവാൻ ജനങ്ങൾക്ക് ഒരു ദിവസം നിശ്ച യിച്ചുകൊടുത്തു. നിശ്ചിതദിവസം രാവിലെ സൂര്യപ്രകാശം പരന്നുതുടങ്ങി യപ്പോൾ നബി (സ) നമസ്കാരസ്ഥലത്ത് വന്നു. മിമ്പറിൽ കയറി ഇരുന്നു. പിന്നെ തക്ബീർ ചൊല്ലി, അല്ലാഹുവിനെ സ്തുതിച്ചു. എന്നിട്ട് പറഞ്ഞു: നിങ്ങൾ നാട്ടിലെ ജലദാരിദ്ര്യത്തെപ്പറ്റി ആവലാതി പറഞ്ഞുവല്ലോ. അല്ലാ ഹുവിനോട് പ്രാർഥിക്കാൻ അവൻ കല്പിച്ചിരിക്കുന്നു. പ്രാർഥന സ്വീകരി ക്കാമെന്ന് അവൻ ഏറ്റിട്ടുമുണ്ട്.

പിന്നെ നബി(സ) الحـمـد لـلـه رب الـعـالـمين ... وبلاغا إلى حين എന്ന് പറഞ്ഞു: പിന്നെയും നബി (സ) കക്ഷത്തുള്ള വെളുപ്പ് കാണുവോളം കൈ ഉയർത്തി ദീർഘനേരം പ്രാർഥിച്ചു. പിന്നെ പിൻഭാഗം ജനങ്ങളിലേക്കാക്കി തിരിഞ്ഞു നിന്നു. മേൽതട്ടം തിരിച്ചിട്ടു. അപ്പോഴും കൈ ഉയർത്തിയിരുന്നു. പിന്നെ ജനങ്ങളിലേക്ക് തന്നെ തിരിഞ്ഞുനിന്നു. അവിടെനിന്നിറങ്ങി രണ്ട് റക്അ ത്ത് നമസ്കരിച്ചു. അപ്പോഴേക്കും അല്ലാഹു മേഘത്തെ ഉണ്ടാക്കി. മിന്നലും ഇടിയുമായി അല്ലാഹുവിന്റെ കല്പന പ്രകാരം മഴപെയ്തു. നബി (സ) പള്ളിയിലെത്തും മുമ്പേ വെള്ളം കുത്തിയൊലിച്ചുതുടങ്ങി. ജനങ്ങൾ വീടു കളിലേക്ക് ഓടുന്നതു കണ്ട് നബി (സ) പല്ലുകൾ പുറത്തുകാണും വിധം ചിരിച്ചു. എന്നിട്ട് പറഞ്ഞു: അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാ ണെന്നും ഞാൻ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)

മറ്റു സന്ദർഭങ്ങളിൽ മഴയില്ലാതെ ജനങ്ങൾ വിഷമിച്ചപ്പോൾ പ്രത്യേകം നമസ്കാരവും ഖുത്വുബയുമില്ലാതെ ജുമുഅ ഖുത്വുബയിൽ മഴക്കുവേണ്ടി പ്രാർഥിച്ചതിനെത്തുടർന്നു മഴ ലഭിച്ചതായി ബുഖാരിയും മുസ്ലിമും അനസ്(റ)വിൽനിന്ന് റിപ്പോർട്ടു ചെയ്ത ഹദീഥിലുണ്ട്. ജുമുഅയോടനുബ ന്ധിച്ചല്ലാതെയും നബി (സ) മഴക്കായി പ്രാർഥിച്ചുവെന്ന് കാണിക്കുന്ന ഹദീഥുകളുണ്ട്.

## പെരുന്നാൾ നമസ്കാരം (صلاة العيدين)

ഈദുൽ ഫിത്വ്ർ, ഈദുൽ അദ്ഹാ എന്നിവയാണ് രണ്ടു പെരുന്നാളുകൾ. ഹിജ്റ: ഒന്നാം വർഷമാണ് പെരുന്നാൾ നമസ്കാരം നടപ്പിലായത്. അതു പ്രബലമായ സുന്നത്താണ്. നബി (സ) അത് കൃത്യമായി അനുഷ്ഠിക്കുക യും പുരുഷന്മാരോടും സ്ത്രീകളോടുമെല്ലാം അതിൽ പങ്കെടുക്കാൻ ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്.

പെരുന്നാളിന് കുളിക്കുകയും നല്ല വസ്ത്രമണിയുകയും സുഗന്ധം ഉപയോഗിക്കുകയും ചെയ്യൽ സുന്നത്താണ്. ഹസൻ (റ) പറയുന്നു:

**أَمَرَنَا رَسُولُ اللّهِ ﷺ فِي الْعِيدَيْنِ أَنْ نَلْبَسَ أَجْوَدَ مَا نَجِدُ وَأَنْ نُطَيِّبَ بِأَجْوَدِ مَا نَجِدُ وَأَنْ نُضَحِّي بِأَثْمَنِ مَا نَجِدُ (حاكم)**

(രണ്ടു പെരുന്നാളുകളിൽ കിട്ടാവുന്നതിൽ നല്ല വസ്ത്രം ധരിക്കാനും കിട്ടാവുന്നതിൽ നല്ല സുഗന്ധദ്രവ്യം ഉപയോഗിക്കാനും കിട്ടാവുന്നതിൽ വിലകൂടിയ ഉരുവിനെ ബലിനൽകാനും റസൂൽ (സ) ഞങ്ങളോട് നിർദ്ദേശി ച്ചിരുന്നു.)

ചെറിയ പെരുന്നാളിന് നമസ്കരിക്കാൻ പോകുംമുമ്പ് വല്ലതും ഭക്ഷിക്കു ന്നത് സുന്നത്താണ്. വലിയ പെരുന്നാളിന് നമസ്കാരശേഷം ആഹാരം കഴിക്കുന്നതാണ് സുന്നത്ത്. അനസ് (റ) പറയുന്നു:

**كَانَ النَّبِيُّ ﷺ لاَ يَغْدُو يَوْمَ الْفِطْرِ حَتَّى يَأْكُلَ تَمْرَاتٍ وَأَكَلَهُنَّ وِتْرًا (أحمد، البخاري)**

(നബി (സ) ഫിത്വ്ർ ദിവസം അല്പം ഈത്തപ്പഴം തിന്നശേഷമേ നമസ് കരിക്കാൻ പോയിരുന്നുള്ളൂ. അത് ഒറ്റയായാണ് അദ്ദേഹം തിന്നിരുന്നത്.)

ബുറൈദ (റ)യുടെ റിപ്പോർട്ടിൽ ഇങ്ങനെയുണ്ട്:

**وَلاَ يَأْكُلُ يَوْمَ الْأَضْحَى حَتَّى يَرْجِعَ (الترمذي، ابن ماجه، أحمد)**

(അദ്ഹാ ദിവസം മടങ്ങിവരും വരെ അദ്ദേഹം ഒന്നും തിന്നിരുന്നില്ല.)

പള്ളിയിൽ വെച്ചും പെരുന്നാൾ നമസ്കാരമാവാം. എന്നാൽ വിശാല മായ മൈതാനിയിൽ അത് നിർവഹിക്കുന്നതാണ് ഉത്തമം. മഴകാരണം ഒരു പ്രാവശ്യം മാത്രമാണ് നബി (സ) പള്ളിയിൽ പെരുന്നാൾ നമസ്കരിച്ച തായി റിപ്പോർട്ടുള്ളത്. അബൂഹുറൈറ (റ) പറയുന്നു:

إِنَّهُمْ أَصَابَهُمْ مَطَرٌ فِي يَوْمِ عِيدٍ فَصَلَّى بِهِمْ النَّبِيُّ ﷺ صَلاةَ الْعِيدِ فِي الْمَسْجِدِ (أبو داود، ابن ماجة، حاكم)

(ഒരു പെരുന്നാൾ ദിവസം അവരെ മഴ ബാധിച്ചു. അതുകാരണം നബി (സ) അവർക്ക് പള്ളിയിൽ പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി.)

പുരുഷന്മാരോടൊപ്പം സ്ത്രീകളും കുട്ടികളും നമസ്കാരസ്ഥലത്ത് പങ്കെടുക്കണം. ഉമ്മു അത്വിയ്യ (റ) പറയുന്നു:

أَمَرَنَا أَنْ نُخْرِجَ الْعَوَاتِقَ وَالْحُيَّضَ فِي الْعِيدَيْنِ يَشْهَدْنَ الْخَيْرَ وَدَعْوَةَ الْمُسْلِمِينَ وَيَعْتَزِلُ الْحُيَّضُ الْمُصَلَّى (متفق عليه)

(രണ്ടു പെരുന്നാളിലും യുവതികളെയും ഋതുമതികളെയും കൊണ്ടു വരണമെന്ന് ഞങ്ങളോട് നിർദ്ദേശിച്ചിരുന്നു. അവരെല്ലാം നന്മയിലും മുസ് ലിംകളുടെ പ്രാർഥനയിലും പങ്കുകൊള്ളണം. ഋതുമതികൾ നമസ്കാരത്തി ൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും വേണം). സാധ്യമെങ്കിൽ നമസ്കാരത്തിന് പോയ വഴിയിലൂടെയല്ല, മറ്റൊരു വഴിയിലൂടെ തിരിച്ചുവരുന്നതാണ് സുന്ന ത്ത്. ജാബിർ (റ) പറയുന്നു:

كَانَ النَّبِيُّ ﷺ إِذَا كَانَ يَوْمُ عِيدٍ خَالَفَ الطَّرِيقَ (البخاري)

(നബി (സ) പെരുന്നാൾ ദിവസം വഴിമാറുമായിരുന്നു).

സൂര്യൻ ഉദിച്ച് ചക്രവാളത്തിൽ ഏകദേശം മൂന്ന് മീറ്റർ ഉയർന്നതു മുതൽ ഉച്ചവരെയാണ് പെരുന്നാൾ നമസ്കാര സമയം. വലിയ പെരുന്നാൾ നമസ്കാരം ചെറിയ പെരുന്നാൾ നമസ്കാരത്തേക്കാൾ അല്പം നേരത്തെ നിർവ ഹിക്കുന്നതും സുന്നത്താണ്. ജുൻദുബ് (റ) പറയുന്നു:

كَانَ النَّبِيُّ ﷺ يُصَلِّي بِنَا الْفِطْرَ وَالشَّمْسُ عَلَى قَدْرِ رُمْحَيْنِ وَالأَضْحَى عَلَي قَدْرِ رُمْحٍ (أحمد بن حسن البناء)

(ഫിത്വ്ർ നമസ്കാരം സൂര്യൻ രണ്ട് കുന്തത്തിന്റെ അളവ് ഉയർന്ന ശേഷവും അദ്ഹാ നമസ്കാരം സൂര്യൻ ഒരു കുന്തത്തിന്റെ അളവ് ഉയർന്ന ശേഷവുമാണ് നബി (സ) ഞങ്ങൾക്ക് നേതൃത്വം നൽകി നമസ്കരിച്ചിരു ന്നത്.)

പെരുന്നാൾ നമസ്കാരത്തിന് ബാങ്കോ ഇഖാമത്തോ മറ്റു രീതിയിലുള്ള വിളംബരമോ സുന്നത്തില്ല. പെരുന്നാൾ നമസ്കാരത്തിന് മുമ്പോ പിമ്പോ മറ്റു നമസ്കാരവും സുന്നത്തില്ല. ആദ്യറക്അത്തിൽ തക്ബീറത്തുൽ ഇഹ് റാമിനെ തുടർന്ന് ഏഴും രണ്ടാമത്തെ റക്അത്തിൽ സുജൂദിൽനിന്ന് എഴു ന്നേൽക്കുമ്പോഴുള്ള തക്ബീറിന് പുറമെ അഞ്ചും തക്ബീർ സുന്നത്താണ്. അംറുബ്നു ശുഐബ് പിതാവ് വഴി പിതാമഹനിൽ നിന്ന് ഉദ്ധരിക്കുന്നു:

أَنَّ النَّبِيَّ ﷺ كَبَّرَ فِي عِيدٍ اثْنَتَيْ عَشَرَةَ تَكْبِيرَةً سَبْعًا فِي الْأُولَى وَخَمْسًا فِي الْآخِرَةِ وَلَمْ يُصَلِّ قَبْلَهَا وَلا بَعْدَهَا (أحمد، وابن ماجة)

(നബി (സ) പെരുന്നാളിന് പന്ത്രണ്ട് തക്ബീർ ചൊല്ലി. ഒന്നാമത്തെ റക്അത്തിൽ ഏഴും അവസാനത്തേതിൽ അഞ്ചും. അതിന് മുമ്പോ ശേഷമോ നബി (സ) നമസ്കരിച്ചുമില്ല.)

പുരുഷന്മാർ, സ്ത്രീകൾ, വലിയവർ, കുട്ടികൾ, തദ്ദേശീയർ, യാത്രക്കാർ എല്ലാവരും പെരുന്നാൾ നമസ്കാരം നിർവ്വഹിക്കണം. വല്ല കാരണവശാ ലും സംഘടിത നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ ഒറ്റ ക്കായാലും രണ്ട് റക്അത്ത് നമസ്കരിക്കണം. അത് വീട്ടിലോ പള്ളിയിലോ എവിടെയും ആകാം. മാസപ്പിറവിയുടെ വിവരം കിട്ടാത്തതിനാലോ മറ്റോ ഒരു പ്രദേശത്ത് പെരുന്നാൾ ദിവസം നമസ്കരിക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത ദിവസം അത് നമസ്കരിക്കേണ്ടതാണ്. അബൂഉമൈറുബ്നു അനസി(റ)ൽനിന്ന് ഉദ്ധരിക്കുന്ന ഹദീഥിൽ ഇപ്രകാരം കാണാം:

أُغْمِيَ عَلَيْنَا هِلالُ شَوَّالٍ وَأَصْبَحْنَا صِيَامًا فَجَاءَ رَكْبٌ مِنْ آخِرِ النَّهَارِ فَشَهِدُوا عِنْدَ رَسُولِ اللَّهِ ﷺ أَنَّهُمْ رَأَوُا الْهِلالَ بِالأَمْسِ فَأَمَرَهُمْ رَسُولُ اللَّهِ ﷺ أَنْ يُفْطِرُوا وَأَنْ يَخْرُجُوا إِلَى عِيدِهِمْ مِنَ الْغَدِ (أحمد، النسائي، ابن ماجة)

(ശവ്വാലിന്റെ മാസപ്പിറവി ഞങ്ങൾക്ക് കാണാനായില്ല. അടുത്ത ദിവസ വും ഞങ്ങൾ നോമ്പനുഷ്ഠിച്ചു. പകലിന്റെ ഒടുവിൽ ഒരു യാത്രാസംഘം വന്നു. അവർ, തങ്ങൾ തലേന്നാൾ ബാലചന്ദ്രനെ കണ്ടതായി റസൂലി(സ)നു മുമ്പിൽ സാക്ഷി പറഞ്ഞു. റസൂൽ (സ) ജനങ്ങളോട് നോമ്പ് മുറിക്കാനും അടുത്ത ദിവസം പെരുന്നാൾ നമസ്കരിക്കാനും നിർദ്ദേശിച്ചു.)

## പെരുന്നാൾ ഖുത്വുബ

പെരുന്നാൾ നമസ്കാരാനന്തരം ഖുതുബ സുന്നത്താണ്. ഖുതുബ ക്കിടയിൽ ധാരാളമായി തക്ബീർ ചൊല്ലുന്നതും സുന്നത്താണ്. എന്നാൽ ഖുതുബ തുടങ്ങേണ്ടതു മറ്റു ഖുതുബകൾ പോലെതന്നെ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടാണ്. അബൂസഈദ് (റ) പറയുന്നു:

كَانَ النَّبِيُّ ﷺ يَخْرُجُ يَوْمَ الْفِطْرِ وَالأَضْحَى إِلَى الْمُصَلَّى وَ أَوَّلُ شَيْءٍ يَبْدَأُ بِهِ الصَّلاةُ ثُمَّ يَنْصَرِفُ فَيَقُومُ مُقَابِلَ النَّاسِ وَالنَّاسِ جُلُوسٌ عَلَى صُفُوفِهِمْ فَيَعِظُهُمْ وَيُوصِيهِمْ وَ يَأْمُرُهُمْ (متفق عليه)

(നബി (സ) ഫിത്വ്റിന്റെയും അദ്ഹയുടെയും ദിവസം നമസ്കാര സ്ഥലത്തേക്കു പോകും. നബി (സ) ആദ്യം തുടങ്ങുക നമസ്കാരമാണ്. പിന്നെ നമസ്കാരത്തിൽനിന്ന് വിരമിച്ച് ജനങ്ങൾക്കഭിമുഖമായി നിൽക്കും. ജനങ്ങൾ അണികളിൽ ഇരിക്കുക തന്നെയാവും. അങ്ങനെ നബി (സ) അവരെ ഉപദേശിക്കും, നിർദ്ദേശം നൽകും, കല്പനകൾ അറിയിക്കും.)

പെരുന്നാൾ നമസ്കാരത്തോടനുബന്ധിച്ച് ഒരു ഖുത്വുബ നിർവഹിച്ചാ ലും മതിയാകും. നബി (സ) പെരുന്നാളിന് രണ്ട് ഖുതുബ നിർവഹിച്ചതായി തെളിവില്ലെന്ന് ഇമാം നവവി (റ) പറയുന്നുണ്ട്.

ചെറിയ പെരുന്നാളിന് തലേന്ന് അസ്തമയം മുതൽ നമസ്കാരം നിർവ ഹിക്കുംവരെയും, വലിയ പെരുന്നാളിന്

അറഫാദിവസത്തിലെ സുബ്ഹ് മുതൽ തശ്‌രീഖിന്റെ അവസാനദിനത്തിലെ അസ്വ്ർ വരെയും തക്ബീർ ചൊല്ലൽ സുന്നത്തുണ്ട്.

പെരുന്നാൾ ദിവസം കുടുംബബന്ധുക്കളും സുഹൃത്തുക്കളും പരസ് പരം സന്ദർശിക്കുകയും ആശംസകൾ കൈമാറുകയും ചെയ്യുന്നത് നല്ലതാ ണ്. സ്വഹാബിമാർ പരസ്പരം കാണുമ്പോൾ تقبل الله منا ومنك എന്ന് പറ യാറുണ്ടായിരുന്നു എന്ന് റിപ്പോർട്ടുകളുണ്ട്.

പെരുന്നാളിന് നിർദോഷമായ കളിയും വിനോദവും ആകാവുന്നതാണ്. അനസ് (റ) പറയുന്നു:

قَدِمَ النَّبِيُّ ﷺ وَلَهُمْ يَوْمَانِ يَلْعَبُونَ فِيهِمَا فَقَالَ قَدْ أَبْدَلَكُمْ اللَّهُ تَعَالَى بِهِمَا خَيْرًا مِنْهُمَا يَوْمَ الْفِطْرِ وَالْأَضْحَى (النسائي و ابن ماجه)

(നബി (സ) മദീനയിൽ വരുമ്പോൾ അവർക്ക് വിനോദിക്കാൻ രണ്ട് ദിവസമുണ്ടായിരുന്നു. നബി (സ) അവരോട് പറഞ്ഞു: അല്ലാഹു ആ രണ്ട് ദിവസത്തിന് പകരം നിങ്ങൾക്ക് കൂടുതൽ ഉത്തമമായ മറ്റു രണ്ടു ദിവസം നിശ്ചയിച്ചുതന്നിരിക്കുന്നു. ഫിത്വ്റിന്റെയും അദ്ഹായുടെയും ദിവസം.)

## ജുമുഅയും പെരുന്നാളും ഒന്നിച്ചുവന്നാൽ

വെള്ളിയാഴ്ച ദിവസം പെരുന്നാളായാൽ പെരുന്നാൾ നമസ്കാരവും ജുമുഅ നമസ്കാരവും നിർവഹിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ വ്യത്യ സ്താഭിപ്രായങ്ങളുണ്ട്. പെരുന്നാൾ നമസ്കാരത്തിൽ സംബന്ധിച്ചവർക്ക് ജുമുഅ നിർബന്ധമല്ലെന്ന് കാണിക്കുന്ന ഹദീസുകളുണ്ട്. എന്നാൽ പള്ളി യിൽ സാധാരണപോലെ ഇമാം ജുമുഅ നമസ്കാരം നിർവഹിക്കണം. അസൗകര്യങ്ങളില്ലാത്തവർക്ക് അതിൽ സംബന്ധിക്കാം. അല്ലാത്തവർ ളുഹ്ർ നമസ്കരിക്കണം.

സൈദുബ്നു അർഖം (റ) പറയുന്നു:

صَلَّى النَّبِيُّ ﷺ الْعِيدَ ثُمَّ رَخَّصَ فِي الْجُمُعَةِ فَقَالَ: مَنْ شَاءَ أَنْ يُصَلِّي فَلْيُصَلِّ (رواه الخمسة)

(നബി(സ) പെരുന്നാൾ നമസ്കാരം നിർവഹിച്ചു. പിന്നെ ജുമുഅയുടെ കാര്യത്തിൽ ഇളവ് നൽകിക്കൊണ്ട് പറഞ്ഞു: താത്പര്യമുള്ളവർക്ക് ജുമുഅ നമസ്കരിക്കാം.)

## ഖുർആൻ പാരായണത്തിന്റെ സുജൂദ് (سجود التلاوة)

സുജൂദ് സംബന്ധിച്ച് പരാമർശമുള്ള ആയത്ത് ഓതുകയോ കേൾക്കു കയോ ചെയ്താൽ ഒരു സുജൂദ് സുന്നത്താണ്. ഇതിന് ഓത്തിന്റെ സുജൂദ് (سجود التلاوة) എന്നു പറയുന്നു. തക്ബീർ ചൊല്ലി സുജൂദ് ചെയ്യുക, തക് ബീർ ചൊല്ലി എഴുന്നേൽക്കുക അത്രയുമാണ് ആ സുജൂദ്. അതിൽ തശ ഹ്ഹുദും സലാമുമൊന്നുമില്ല. അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു:

كَانَ رَسُولُ اللَّهِ ﷺ يَقْرَأُ عَلَيْنَا الْقُرْآنَ فَإِذَا مَرَّ بِالسَّجْدَةِ كَبَّرَ وَسَجَدَ وَسَجَدْنَا (أبوداود، البيهقي، حاكم)

(നബി(സ) ഞങ്ങളെ ഖുർആൻ ഓതിക്കേൾപ്പിക്കും. സുജൂദ് സംബ ന്ധിച്ച് പരാമർശമുള്ള ആയത്തിലൂടെ കടന്നുപോവുമ്പോൾ നബി (സ) തക്ബീർ ചൊല്ലി സുജൂദ് ചെയ്യും. ഞങ്ങളും സുജൂദ് ചെയ്യും.) നമസ്കാര ത്തിനെന്നപോലെ ഈ സുജൂദിനും വുദൂഅ്, ഖിബ്‌ലയെ അഭിമുഖീകരി ക്കൽ, ഔറത്ത് മറക്കൽ തുടങ്ങിയ കാര്യങ്ങൾ ശർത്താണ്. നമസ്കാരത്തി ലും അല്ലാത്തപ്പോഴും ഈ സുജൂദ് സുന്നത്താണ്. സുജൂദിൽ,

سَجَدَ وَجْهِي لِلَّذِي خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ

എന്നു പറയൽ സുന്നത്താണ്. ആയിശ (റ) പറയുന്നു:

كَانَ رَسُولُ اللَّهِ ﷺ يَقُولُ فِى سُجُودِ الْقُرْآنِ: سَجَدَ وَجْهِي لِلَّذِي شَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللهُ أَحْسَنُ الْخَالِقِينَ.

(നബി (സ) ഓത്തിന്റെ സുജൂദിൽ പറയാറുണ്ടായിരുന്നു:
سَجَدَ وَجْهِي لِلَّذِي شَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللهُ أَحْسَنُ الْخَالِقِينَ. എന്ന് പറയാറുണ്ടായിരുന്നു.)

## നന്ദിസൂചകമായ സുജൂദ് (سجود الشكر)

ഭൗതികമോ ആത്മീയമോ ആയി വല്ല നേട്ടവും കൈവരുമ്പോൾ അല്ലാ ഹുവിനുള്ള നന്ദിസൂചകമായി ഒരു സുജൂദ് സുന്നത്താണ്. ഇതിന് സുജൂദു ശ്ശുക്ർ എന്നു പറയുന്നു. ഈ സുജൂദ് നമസ്കാരത്തിനിടയിൽ ചെയ്യാൻ പാടില്ല.

## മറന്നാലുള്ള സുജൂദ് (سجود السهو)

നമസ്കാരത്തിൽ സംഗതമല്ലാത്ത വിധം മറവി സംഭവിച്ചാൽ സലാമിന് മുമ്പായി രണ്ട് സുജൂദ് സുന്നത്തുണ്ട്. അതിന് സുജൂദുസ്സഹ്‌വ് എന്നു പറയുന്നു. താഴെ പറയുന്നവയാണ് ഈ സുജൂദിന്റെ കാരണങ്ങൾ:

1). നമസ്കാരം പൂർത്തിയാക്കും മുമ്പ് സലാം ചൊല്ലുക.

നബി (സ) ളുഹ്ർ, അസ്വർ നമസ്കാരങ്ങളിൽ ഏതോ ഒന്നിൽ രണ്ട് റക്അത്ത് നമസ്കരിച്ച് സലാം ചൊല്ലി. സഹാബിമാർ ഓർമിപ്പിച്ചപ്പോൾ ബാക്കി കൂടി നമസ്കരിച്ച ശേഷം നബി (സ) രണ്ട് സുജൂദ് ചെയ്തു. ഈ സംഭവം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്.

2) കൂടുതൽ നമസ്കരിച്ചാൽ :

മറവിയാൽ നിർണിത റക്അത്തിൽ കൂടുതൽ നമസ്കരിക്കുകയോ, കർമപരമായ വല്ല ഫർദും കൂടുതൽ ചെയ്യുകയോ ചെയ്താലും രണ്ട് സുജൂദ് സുന്നത്താണ്. ഇബ്നു മസ്ഊദ് (റ) പറയുന്നു:

إنَّ الـنَبـيَّ ﷺ صَـلَّـى خَـمْسًا فَقِيلَ لَهُ أَزِيدَ فِي الصَّلاةِ ؟ فَقَالَ: وَمَا ذَلِكَ؟ فَقَالُوا: صَلَّيْتُ خَمْسًا، فَسَجَدَ سَجَدَتَيْنِ بَعْدَمَا سَلَّمَ (رواه الجماعة)

(നബി(സ) ഒരിക്കൽ അഞ്ച് റക്അത്ത് നമസ്കരിച്ചു. ആരോ ചോദിച്ചു: നമസ്കാരത്തിൽ റക്അത്ത് കൂട്ടിയിട്ടുണ്ടോ? നബി (സ) ചോദിച്ചു: അതെ ന്താണ്? അവർ പറഞ്ഞു: താങ്കൾ അഞ്ച് റക്അത്ത് നമസ്കരിച്ചു. അപ്പോൾ നബി(സ) രണ്ട് സുജൂദ് ചെയ്തു. സലാം ചൊല്ലിയശേഷമായിരുന്നു അത്.)

3). ആദ്യത്തെ തശഹ്ഹുദ് മറന്നാൽ:

ആദ്യത്തെ തശഹ്ഹുദിന് ഇരിക്കാതെ എഴുന്നേൽക്കാൻ തുടങ്ങുകയും നിറുത്തത്തിലേക്ക് അടുക്കും മുമ്പ് ഓർമ വരികയും ചെയ്താൽ ഇരിക്ക ണം. നിറുത്തത്തിലേക്ക് അടുത്തുപോയാൽ പിന്നെ ഇരിക്കരുത്. ഫർദിൽ ഏർപ്പെട്ടുകഴിഞ്ഞാൽ പിന്നെ സുന്നത്തിലേക്ക് മടങ്ങാൻ പാടില്ല. ഇബ്നു ബുഹൈന (റ) ഉദ്ധരിക്കുന്നു:

إنَّ النَبيَّ ﷺ صَلَّى فَقَامَ فِي الرَّكَعَتَيْنِ فَسَبَّحُوا بِهِ فَمَضَى فَلَمَّا فَرَغَ مِنْ صَلاتِهِ سَجَدَ سَجَدَتَيْنِ ثُمَّ سَلَّمَ (رواه الجماعة)

(നബി (സ) നമസ്കരിച്ചു. രണ്ട് റക്അത്ത് നമസ്കരിച്ച് ഇരിക്കാതെ എഴുന്നേറ്റു. അവർ ഓർമിപ്പിക്കാനായി തസ്ബീഹു ചൊല്ലി. എന്നിട്ടും അദ്ദേഹം നിറുത്തത്തിലേക്ക് നീങ്ങി. നമസ്കാരം അവസാനിച്ചപ്പോൾ രണ്ട് സുജൂദ് ചെയ്തു. പിന്നെ സലാം ചൊല്ലി).

4. റക്അത്തിൽ സംശയം തോന്നിയാൽ:

നമസ്കരിച്ച റക്അത്തുകളുടെ എണ്ണത്തിൽ സംശയം തോന്നിയാൽ ബോധ്യമുള്ള എണ്ണത്തെ അടിസ്ഥാനപ്പെടുത്തി ബാക്കി കൂടി നമസ്കരി ക്കണം. എന്നിട്ട് അവസാനം രണ്ട് സുജൂദ് ചെയ്യണം. നബി (സ) പറഞ്ഞ തായി അബ്ദുർറഹ്മാനുബ്നു ഔഫ് (റ) ഉദ്ധരിക്കുന്നു:

إذَا شَكَّ أَحَدُكُمْ فِي صَلاتِهِ فَلَمْ يَدْرِ وَاحِدَةً صَلَّى أَمْ ثِنْتَيْنِ فَيَجْعَلُهَا وَاحِدَةً وَإذَا لَمْ يَدْرِ ثِنْتَيْنِ صَلَّى أَمْ ثَلاثًا فَلْيَجْعَلْهَا اثْنَتَيْنِ وَإذَا لَمْ يَدْرِ ثَلاثًا صَلَّى أَمْ أَرْبَعًا فَلْيَجْعَلْهَا ثَلاثًا. ثُمَّ يَسْجُدُ إذَا فَرَغَ مِنْ صَلاتِهِ وَهُوَ جَالِسٌ قَبْلَ أَنْ يُسَلِّمَ سَجَدَتَيْنِ (أحمد، ابن ماجه، الترمذي)

(നമസ്കരിച്ചതു സംബന്ധിച്ച് നിങ്ങളിൽ ആർക്കെങ്കിലും സംശയം തോന്നുകയും ഒരു റക്അത്താണോ നമസ്കരിച്ചത് അതോ രണ്ടോ എന്ന് അറിയാതെ പോവുകയും ചെയ്താൽ അത് ഒരു റക്അത്ത് എന്ന് തീരുമാ നിക്കണം. രണ്ടോ മൂന്നോ എന്ന് അറിയാതെ പോയാൽ രണ്ട് എന്ന് നിശ്ച യിക്കണം. മൂന്നോ നാലോ എന്ന് അറിയാതെ പോയാൽ മൂന്ന് എന്നാ ക്കണം. പിന്നെ നമസ്കാരത്തിൽനിന്നു വിരമിച്ചാൽ ഇരുന്നുകൊണ്ട് സലാം ചൊല്ലും മുമ്പ് രണ്ട് സുജൂദ് ചെയ്യണം.)